REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 11-03-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കേരളത്തിലെത്തും- കൊച്ചിയിൽ 10,800 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതിയുടെ വിശദ മാർഗ്ഗരേഖക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി.**
- **സംസ്ഥാന പൊലീസ് ആസ്ഥാനത്ത് NRI പൊലീസ് സ്റ്റേഷൻ ആരംഭിക്കാനും മന്ത്രിസഭാ തീരുമാനം.**
- **ട്രഷറിയിൽ എത്തുന്ന മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകണമെന്ന് മന്ത്രി KN ബാലഗോപാൽ.**
- **വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫെയറിലെ അവസാന ഗ്രൂപ്പ് മൽസരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കേരളത്തിലെത്തും. ഉച്ചക്ക് ശേഷം കൊച്ചിയിൽ 10,800 കോടി രൂപയുടെ ഒന്നിലധികം വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. BPCL കൊച്ചി എണ്ണശുദ്ധീകരണശാലയിലെ 5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിന് അദ്ദേഹം തറക്കല്ലിടും.

തലപ്പാടി-ചെങ്കള ആറുവരിപ്പാത, വെങ്ങളം- രാമനാട്ടുകര ആറുവരി ബൈപ്പാസ് എന്നീ ദേശീയ പാത പദ്ധതികളും, PM ഗ്രാം സഡക് യോജന പ്രകാരം നിർമിച്ച 23 ഗ്രാമീണ റോഡുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് മൂന്നര വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി.

✪✪✪

റെയിൽവേ രംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് പാതയൊരുക്കുന്ന നിരവധി പദ്ധതികളാണ് ഇന്നു സംസ്ഥാനത്തെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുന്നത്.

കൊച്ചിയിൽ നിന്ന് സ്മിതി M പള്ളുരുത്തി.

..............( വോയ്സ് )................

✪✪✪

കുറ്റിപ്പുറം റെയിൽവേസ്റ്റേഷനിൽ അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ നവീകരണ പ്രവൃത്തികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

മലപ്പുറത്ത് നിന്ന് M. സുരേഷ് ബാബു.

.....VOICE......

✪✪✪

വെങ്ങളംമുതൽ രാമനാട്ടുകര വരെ ഏകദേശം 2,140 കോടി രൂപ ചെലവിൽ നിർമിച്ച ബൈപ്പാസിന്റെ ആറുവരിപ്പാത പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. നിലവിലെ വിഭജിക്കാത്ത രണ്ടുവരിപ്പാതയെ ഇരുവശങ്ങളിലും സർവീസ് റോഡോഡു കൂടി ആറുവരി ദേശീയ പാതയായാണ് ഈ പദ്ധതിയിലൂടെ ഉയർത്തുന്നത്. കോഴിക്കോട് ബീച്ച്, ബേപ്പൂർ തുറമുഖം, കാപ്പാട് ബീച്ച് തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലേക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിലൂടെ മേഖലയിലെ വിനോദസഞ്ചാരത്തിനും വ്യാപാരത്തിനും പദ്ധതി കരുത്തേകും.

✪✪✪

കേരള സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തമിഴ്നാടും സന്ദർശിക്കും. തിരുച്ചിറപ്പള്ളിയിൽ ഏകദേശം 5,650 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. അഞ്ച് പുതിയ ട്രെയിൻ സർവീസുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. രണ്ട് അമൃത് ഭാരത്

എക്സ്പ്രസ്സുകൾ, രണ്ട് എക്‌്സ്പ്രസ് ട്രെയിനുകൾ, ഒരു പാസഞ്ചർ ട്രെയിൻ സർവീസ് എന്നിവയാണ് പുതുതായി ഫ്ളാഗ് ഓഫ് ചെയ്യുക.

✪✪✪

നവംബർ ഒന്നിന് പ്രഖ്യാപിച്ച അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതിയുടെ വിശദ മാർഗ്ഗരേഖക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി. അതിദരിദ്രർക്ക് തൊട്ടുമുകളിൽ വരുന്ന വിഭാഗത്തെ കേവല ദാരിദ്ര്യത്തിൽ നിന്നും പടികയറ്റുക എന്ന ലക്ഷ്യമാണ്  ഗവണ്മെന്റ് മുന്നോട്ടുവയ്ക്കുന്നത്. അതിദാരിദ്ര്യമുക്തരായ കുടുംബങ്ങൾ വീണ്ടും അതിദാരിദ്ര്യത്തിലേക്ക് പോകില്ല എന്ന് ഉറപ്പാക്കാനാണ് പദ്ധതി  ലക്ഷ്യമിടുന്നത്.

പെന്തക്കോസ്ത് സഭകളെ ക്രൈസ്തവ സഭാ വിഭാഗമായി അംഗീകരിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു. ഇവർ  ഉൾപ്പെടെ  പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾ നേരിടുന്ന  വിഷയങ്ങൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കാൻ I.A.S ഉദ്യോഗസ്ഥർ അടങ്ങുന്ന കമ്മിറ്റിയ്ക്കും രൂപം നൽകി. ചുമതലപ്പെടുത്തി. ബിശ്വനാഥ സിൻഹ, ടി.വി.അനുപമ, ജെറോമിക് ജോർജ് എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

സംസ്ഥാന നിയമ വകുപ്പ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന KG സനൽകുമാറിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിക്കാൻ ഗവർണറോട് ശുപാർശ ചെയ്യാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

സംസ്ഥാന പൊലീസ് ആസ്ഥാനത്ത് പുതുതായി NRI പൊലീസ് സ്റ്റേഷൻ ആരംഭിക്കാൻ മന്ത്രിസഭായോഗം തീരുമാനമെടുത്തു. പ്രവാസികളുടെ  നിയമ - സാമ്പത്തിക - സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കാനും, ഓൺലൈൻ പ്ലാറ്റുഫോം തട്ടിപ്പുകൾ, സൈബർ നിക്ഷേപ തട്ടിപ്പുകൾ,  തുടങ്ങിയവ തടയാൻ നോർക്ക പൊലീസ് സ്റ്റേഷന് സാധിക്കും.  ലോകകേരള സഭയുടെയും സംസ്ഥാന പൊലീസ് മേധാവിയുടെയും നിർദ്ദേശമനുസരിച്ചാണ് NRI പൊലീസ് സ്റ്റേഷൻ തുടങ്ങുന്നത്.

✪✪✪

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിയിരിപ്പുകാർക്കുമായി  നിർമ്മിച്ച ആശ്വാസ് വാടക വീട്   രാവിലെ  മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വീണാ ജോർജ് മുഖ്യാതിഥിയാകും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

......(വോയ്സ്)...........

✪✪✪

ട്രഷറിയിൽ എത്തുന്ന മുതിർന്ന പൗരന്മാർക്ക്  മുൻഗണന നൽകണമെന്ന് മന്ത്രി KN ബാലഗോപാൽ നിർദ്ദേശിച്ചു.  ഹൊസ്ദുർഗ് സബ് ട്രഷറിയുടെ പുതിയ കെട്ടിടം ഓൺലൈനിൽ ഉദ്ഘാടനം  ചെയ്യുകയായിരുന്നു അദ്ദേഹം.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയതോടെ ട്രഷറി സേവനങ്ങൾ ജനങ്ങൾക്ക്  കൂടുതൽ വേഗത്തിൽ ലഭ്യമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

കൊയിലാണ്ടി സബ് ട്രഷറിയുടെ പുതിയ  കെട്ടിടം  മന്ത്രി KN ബാലഗോപാൽ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപ ചെലവിട്ടാണ് കെട്ടിടം നിർമിച്ചത്.

✪✪✪

കോഴിക്കോട് നെല്ലിക്കോട് സ്മാർട്ട് വില്ലേജ് ഓഫീസിന് മന്ത്രി K രാജൻ ഓൺലൈനായി തറക്കല്ലിട്ടു.  കോവൂരിൽ സംഘടിപ്പിച്ച ചടങ്ങിൽ അഹമ്മദ് ദേവർകോവിൽ MLA അധ്യക്ഷനായി. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവിട്ടാണ് ആധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമിക്കുന്നത്.

✪✪✪

ഹൈദരാബാദിൽ വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫെയറിലെ അവസാന ഗ്രൂപ്പ് മൽസരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും. 2 മൽസരങ്ങളിൽ നിന്ന് 4 പോയിന്റുമായി ഇന്ത്യ പൂൾ ബിയിൽ ഒന്നാമതാണെങ്കിലും സെമിയിൽ കടക്കാൻ ഇന്നത്തെ മൽസരത്തിൽ ജയിക്കേണ്ടതുണ്ട്.

✪✪✪

വൈവിധ്യമാർന്ന പദ്ധതികളിലൂടെ കേരള ടൂറിസത്തിന് ലോക ടൂറിസം ഭൂപടത്തിൽ പ്രധാന ഇടം നേടാൻ കഴിഞ്ഞെന്ന്  മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കൊയിലാണ്ടി കൊല്ലം ചിറ സൗന്ദര്യവത്കരണ ടൂറിസം പദ്ധതി പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വേതന വർദ്ധനയടക്കം ജീവൽപ്രധാനമായ ആവശ്യങ്ങൾ ഉന്നയിച്ച് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ നടത്തുന്ന  സമരം ഒത്തുതീർപ്പാക്കാൻ

സംസ്ഥാന ഗവൺമെന്റ് ശ്രമിക്കണമെന്ന് KK രമ MLA ആവശ്യപ്പെട്ടു. അവകാശങ്ങൾക്കായി സമാധാനപരമായി സമരം ചെയ്യുന്നവരെ ഭീഷണിപ്പെടുത്തിയും കയ്യേറ്റം ചെയ്തും സമരത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ നടത്തുന്ന നീക്കം അംഗീകരിക്കാൻ കഴിയില്ലെന്ന് രമ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

പാലക്കാട് മണ്ണാർക്കാട് തിരുവിഴാംകുന്നിൽ കാട്ടാന ആക്രമണത്തിൽ ഫോറസ്റ്റ് വാച്ചർ കൊല്ലപ്പെട്ടു. തിരുവാഴാംകുന്ന് സ്വദേശി ഷൈജുവാണ് മരിച്ചത്. കാട്ടാനകളെ തുരത്തുന്നതിനിടയിൽ കച്ചേരിപ്പറമ്പ് ഫോറസ്റ്റ് ഓഫീസിനു സമീപമാണ് ഷൈജുവിനെ കാട്ടാന ആക്രമിച്ചത്.

✪✪✪

സംസ്ഥാന സിവിൽ സർവീസ് അക്കാദമിയുടെ കോഴിക്കോട് കേന്ദ്രത്തിൽ 2026-27വർഷത്തെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദം നേടിയവർക്കും അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പഠന സ്കോളർഷിപ്പിന് ഏപ്രിൽ 22 ന് പരീക്ഷ ഉണ്ടായിരിക്കും. സ്കൂൾ വിദ്യാർത്ഥികൾക്ക് അവധിക്കാല സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ഏപ്രിൽ ആറിന് ആരംഭിക്കും.

✪✪✪

കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയവും, കരകൗശല വികസന കമ്മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന കരകൗശല മേളക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാകും. ബീച്ചിൽ ഓപ്പൺ സ്റ്റേജിനും ലൈറ്റ് ഹൗസിനും സമീപം DTPC അറീനയിലാണ് മേള. വിവിധ സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങളും സ്റ്റാളുകളും മേളയിലുണ്ടാകും. പ്രവേശനം സൗജന്യമാണ്.

✪✪✪

മീനമാസ പൂജയ്ക്കായി ശബരിമല നട ശനിയാഴ്ച വൈകിട്ട് അഞ്ചിനു തുറക്കും. പൂജകൾ പൂർത്തിയാക്കി മാർച്ച് 19-ന് രാത്രി 10 ന് നട അടക്കും. പൈങ്കുനി ഉത്രം ഉത്സവത്തിനായി മാർച്ച് 22-ന് നട വീണ്ടും തുറക്കും. ഏപ്രിൽ ഒന്നിന് പമ്പയിൽ ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

✪✪✪

---

.

*News Editor & News Reader: വി കെ സുരേഷ്*
*News Team: ശ്രുതി എം, ശരണ്യ രാജൻ*
*DEO: ഷീബ*